കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
വികാസ്ഭവൻ
തിരുവനന്തപുരം
04.02.2022

C5/3903/2022/DCE

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ് -ജീവനക്കാര്യം - ഒരു തസ്തികയിൽ നിന്നും ശമ്പള സ്കെയിൽ വ്യത്യാസമുള്ള മറ്റൊരു തസ്തികയിലേക്ക് സ്ഥാനക്കയറ്റമോ, തസ്തിക മാറ്റമോ ലഭിക്കുമ്പോൾ, ശമ്പള പുനഃനിർണ്ണയം നടത്തുന്നത് സംബന്ധിച്ച്

സൂചന: 1.സ. ഉ. (സാധാ) നം. 7 / 2016 / ധന തീയതി 20.01.2016
2.സ. ഉ. (സാധാ) നം. 27 / 2021 / ധന തീയതി 10.02.2021

ഒരു തസ്തികയിൽ നിന്നും ശമ്പള സ്കെയിൽ വ്യത്യാസമുള്ള മറ്റൊരു തസ്തികയിലേക്ക് സ്ഥാനക്കയറ്റമോ, തസ്തിക മാറ്റമോ ലഭിക്കുമ്പോൾ, സ്ഥാനക്കയറ്റമോ തസ്തിക മാറ്റമോ ലഭിച്ച തീയതിയിൽ ശമ്പള നിർണ്ണയവും, താഴത്തെ തസ്തികയിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന വാർഷിക ഇൻക്രിമെൻറ് തീയതിയിൽ ശമ്പള പുന:നിർണ്ണയവും കെ.എസ്.ആർ. പാർട്ട് I റൂൾ 28 A പ്രകാരം ലഭിക്കുന്നതാണ്. ഇതിനു വിരുദ്ധമായി താഴത്തെ തസ്തികയിൽ തുടർന്നിരുന്നുവെങ്കിൽ, വാർഷിക ഇൻക്രിമെൻറ് ലഭിക്കുമായിരുന്ന തീയതിയിൽ, പുതിയ തസ്തികയിൽ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കാതെ ഇൻക്രിമെൻറ് അനുവദിക്കുന്നത് ചട്ടവിരുദ്ധമാണ്. ഇപ്രകാരം ഇൻക്രിമെൻറ് അനുവദിച്ചാൽ, അധിക തുക തിരിച്ചടക്കാതെ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതല്ല. ശമ്പള പുന:നിർണ്ണയം (Refixation of Pay) അനുവദിച്ച സ്റ്റേറ്റ്മെൻറ് ഡി.ഡി.ഒ . അംഗീകരിച്ച് ഒപ്പ് വച്ച് സേവനപുസ്തകത്തിൽ പതിക്കേണ്ടതാണ്. സേവനപുസ്തകത്തിലും ശമ്പള പുന:നിർണ്ണയമെന്ന് രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ശമ്പള പുന:നിർണ്ണയം അനുവദിക്കുന്നതിന് പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കേണ്ടതില്ല. എന്നാൽ വാർഷിക ഇൻക്രിമെൻറ് അനുവദിക്കുന്നതിന് പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കേണ്ടതാണ്. പ്രൊബേഷൻ കാലത്ത് വാർഷിക ഇൻക്രിമെൻറ് അനുവദനീയമല്ല. ഈ വിഷയത്തിൽ സൂചന 1 സർക്കാർ ഉത്തരവിലെ ഖണ്ഡിക 39 സൂചന 2 സർക്കാർ ഉത്തരവിലെ ഖണ്ഡിക 36 എന്നിവയിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്

ശമ്പള പുന:നിർണ്ണയ പട്ടിക **(Statement of Refixation of Pay.)**

**(As per Rule 28 A Part I KSR)**

തിരുവനന്തപുരം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ .......... ലെ ..........................നമ്പർ ഉത്തരവ് പ്രകാരം ................... തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ................................. ൻറെ ശമ്പളം താഴെ വിവരിക്കുന്ന പ്രകാരം പുന:നിർണ്ണയിച്ചിരിക്കുന്നു.

| | | |
|---|---|---|
| 1. | ഉദ്യോഗസ്ഥൻറെ പേര്, നിലവിലെ തസ്തിക | |
| 2. | സ്ഥാനകയറ്റം ലഭിച്ച തീയതി | |
| 3. | സ്ഥാനകയറ്റം ലഭിക്കുന്നതിനു മുൻപുള്ള തസ്തിക, ശമ്പളം, ശമ്പള സ്കയിൽ എന്നിവ | |
| 4. | സ്ഥാനകയറ്റം ലഭിക്കാതെ തുടർന്നിരുന്നുവെങ്കിൽ താഴത്തെ തസ്തികയിൽ വാർഷിക ഇൻക്രിമെന്റ് ലഭിക്കുമായിരുന്ന തീയതി | |
| 5. | സ്ഥാനകയറ്റം ലഭിക്കാതെ തുടർന്നിരുന്നുവെങ്കിൽ താഴത്തെ തസ്തികയിൽ ക്രമ നമ്പർ 4 ൽ വിവരിച്ചിരിക്കുന്ന തീയതിയിൽ ലഭിക്കുമായിരുന്ന വാർഷിക ഇൻക്രിമെന്റ് ഉൾപ്പെടെയുള്ള ശമ്പളം | |
| 6. | ക്രമ നമ്പർ 5 - ലെശമ്പളത്തോടോപ്പം ഒരു നോഷണൽ ഇൻക്രിമെന്റ് നൽകിയാൽ ലഭിക്കുന്ന ശമ്പളം | |
| 7. | സ്ഥാനകയറ്റം ലഭിച്ച തസ്തികയുടെ ശമ്പള സ്കെയിലിലെ അടുത്ത ഘട്ടം | |
| 8. | KSR Part I Rule 28 A പ്രകാരം പുനർനിർണ്ണ യിച്ച ശമ്പളം | |
| 9. | അടുത്ത വാർഷിക ഇൻക്രി മെൻറ് തീയതി | |

കുറിപ്പ് :ക്രമ നമ്പർ 6 ൽ നോഷണൽ ഇൻക്രിമെന്റ് കൂട്ടുമ്പോൾ ലഭിക്കുന്ന തുക സ്ഥാനക്കയറ്റം ലഭിച്ച തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമം ശമ്പളത്തിന് താഴെയാണെങ്കിൽ ശമ്പള പുനഃനിർണ്ണയത്തിന് അർഹതയില്ല

VIGNESHWARI V I.A.S
DIRECTOR OF COLLEGIATE EDUCATION

**Approval Valid**

Digitally Approved By
VIGNESHWARI V I.A.S
Date: 15.02.2022
Reason: Approved